കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# കറുകുറ്റി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.13)131/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം സിവിൽ
സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :03.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- കറുകുറ്റി ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.13)131/2020 തീയതി : 03.03.2020

## എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2018 മുതൽ 31.3.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | വിനോദ് കെ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എസ്.സുരേഷ്,ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.എസ്. ഗോപകുമാർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിജു.എം.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.പ്രവീൺ വി.എൻ.ഓഡിറ്റർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.01.2020 മുതൽ 20.01.2020 വരെ |

### (ബി) നിർവ്വഹണാധികാരികൾ

#### 1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.ഷാജു.വി.തെക്കേക്കര | 01.04.2018 മുതൽ 31.03.2019 വരെ |

#### 2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. രാജൻ ബി മേനോൻ | 1.4.2018- മുതൽ 31.03.2019 വരെ |

#### 3) നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ആർ.സോണിയ | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ലക്ഷ്മി കർത്ത | 01.04.2018മുതൽ 07.01.2019വരെ |
| | | ഡോ.സ്മിത | 08.01.2019മുതൽ 31.03.2019വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഡിന്ന ഡേവിസ് | 01.04.2018മുതൽ 31.03.2019 വരെ |
| 4 | വി.ഇ.ഒ, എടക്കുന്ന് | സ്വസ്തി.ടി.എസ് | 01.04.2018മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ, കറുകുറ്റി സർക്കിൾ | ലതിക.എസ് | 01.04.2018മുതൽ 31.03.2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സൈറ സഖറിയ | 01.04.2018മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ധന്യശ്രീ ഉണ്ണി | 01.04.2018മുതൽ 31.05.2018 വരെ |
| | | ഡോ.ജോർജ്ജ് പോൾ | 01.06.2018മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശ്രീജിത്ത്.കെ | 01.04.2018മുതൽ 31.03.2019 വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ആന്റണി.എം.എ | 01.04.2018മുതൽ 31.03.2019 വരെ |
| 9 | അസി. എൻജിനീയർ | അനു.ടി.ആർ | 01.04.2018 മുതൽ 03.07.2018വരെ |
| | | ആന്റു ഏ.വി | 04.07.2018 മുതൽ 31.03.2019വരെ |
| 10 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | എ.ഗോപകുമാർ | 01.04.2018 മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കാത്തത് | 1-12 |
| 13 | വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കാത്തത് | 1-13 |
| 14 | വസ്തുനികുതി നിർണ്ണയം -ഫയലുകൾ ഹാജരാക്കിയിട്ടില്ല | 1-14 |
| 15 | തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച് | 1-15 |
| 16 | കുടിവെള്ള പദ്ധതികൾ സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിക്കുന്നു. | 1-16 |
| 17 | പാണ്ടൻ ചിറ ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ പമ്പ് സ്ഥാപിക്കൽ- നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 18 | വനിതാ കാന്റീൻ പ്രവർത്തനക്ഷമമാക്കണം | 1-18 |
| | ഭാഗം 2 | |
| 19 | കെട്ടിട നിർമ്മാണ പെർമിറ്റ്-ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| | ഭാഗം 3 | |
| 20 | മുട്ടക്കോഴി വിതരണം - അപാകതകൾ | 3-1 |
| 21 | ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ ബിറ്റുമിൻ, RS1, SS1, എന്നിവയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി നഷ്ടം 580788/- | 3-2 |
| 22 | മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല. | 3-3 |
| 23 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 3-4 |
| 24 | നൽകിയ ടാറിന്റെ വില പൂർണ്ണമായും കുറവു ചെയ്തില്ല | 3-5 |
| | ഭാഗം 4 | |
| 25 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 29 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 31 | ഓഡിറ്റ് റിക്കവറി | 4-7 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 33 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 37 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 38 | റെസീപ്റ്റ് & പേയ്മെന്റ് പത്രിക | |
| 39 | ഇൻകം & എക്സ്പെൻടീച്ചർ പത്രിക | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ ബജറ്റ് 27.03.2019 തീയതിയിലെ 1(2) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 17.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,26,08,464.00 |
| വരവ് | 9,81,56,099.00 |
| ആകെ | 11,07,64,563.00 |
| ചെലവ് | 8,09,96,306.00 |
| നീക്കിയിരിപ്പ് | 2,97,68,257.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്തത് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15384813 | 15384813 | 12338698 | 3046115 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5505000 | 5505000 | 3528291 | 1976709 | - |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 115000 | 115000 | 0 | 115000 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 24159000 | 24159000 | 18095661 | 6063339 | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3524000 | 3524000 | 3393041 | 130959 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9060493 | 9060493 | 6708651 | 2351842 | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | | 0 |
| സാക്ഷരത- UBI- | | 1586 | 56 | 1642 | 0 | | 1642 |
| ദുരിതാശ്വാസനിധി -UBI- | | 30358 | 1081 | 31439 | 0 | | 31439 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് UBI | തൊഴിലാളികളുടെ കൂലി | 0 | 15884054 | 15884054 | 15884054 | | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2865 | 413286 | 415651 | 412000 | | 3651 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ -ICDS-UBI | | 861881 | 535678 | 1397559 | 553616 | | 843943 |
| TSC- UBI | | 0 | 470800 | 470800 | 138609 | | 332191 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ -Solid Waste Management-Own Fund | | 0 | 1200000 | 1200000 | 0 | | 1200000 |
| Suchithwa Mission-Own fund | | 77602 | 304500 | 382102 | 170000 | | 212102 |
| Other Government Grants-Own Fund | | 240558 | 25000 | 265558 | 12500 | | 253058 |
| Flood Relief Grant- Own fund | | 0 | 175000 | 175000 | 175000 | | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 3056505 | 2149660 | 5206165 | 3600003 | | 1606162 |
| | ജില്ലാ പഞ്ചായത്ത് | 2228000 | 992985 | 3220985 | 866720 | | 2354265 |
| ബി ഫണ്ട് | | 0 | 162180 | 162180 | 162180 | | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 10936154 | 10936154 | 0 | | 10936154 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് UBI Own fund | 9092500 | 19111439 | 28203939 | 17483994 | | 10719945 |
| | E-payment Current | 19849 | 83489 | 103338 | 1744 | | 101594 |
| | EDCB- Own fund | 44635 | 8325 | 52960 | 7875 | | 45085 |
| | ട്രഷറി അക്കൗണ്ട് TSB-Own Fund | 1653859 | 28965862 | 30619721 | 17000791 | | 13618930 |
| | STSB-Joint venture | 742494 | 7567070 | 8309564 | 4466723 | | 3842841 |
| മറ്റിനം-Cash in Hand | | 158935 | 226994 | 385929 | 158935 | | 226994 |
| ഗുണഭോക്തൃ വിഹിതം | | 149288 | 1205089 | 1354377 | 1119059 | | 235318 |

1. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചതിൽ 21,83,601/- രൂപ റവന്യൂ ചെലവിനായും, (I-6 of I&E), 14,16,402/- രൂപ കാപ്പിറ്റൽ ചെലവിനായുമാണ് (B-3 of Balance sheet) ചെലവഴിച്ചിട്ടുള്ളത്.
2. ജനറൽ പർപ്പസ് ഗ്രാന്റ് തുക തനത് ഫണ്ടിന്റെ ട്രഷറി TSB അക്കൗണ്ടിൽ ആണ് ക്രഡിററ് ചെയ്തിരിക്കുന്നത്. ആയതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റ ചെലവ്, നീക്കിയിരുപ്പ് പ്രത്യേകമായി കണക്കാക്കാനാവില്ല.
3. സംയുക്ത പ്രൊജക്റ്റിനായി ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമായ തുകകൾ STSB Joint Venture അക്കൗണ്ടിലും, തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലുമായിട്ടാണ് ക്രഡിറ്റ്

ചെയ്തിരിക്കുന്നത്.

4. ഗുണഭോക്തൃവിഹിതം വരവ് തനത് ഫണ്ട് EDCB അക്കൗണ്ടിലാണ് വരവ് വെച്ചിരിക്കുന്നത്, ആയതിന്റെ തൻവർഷചെലവ് കഴിച്ച് ബാക്കി തുകയും ഇതേ അക്കൗണ്ടിൽ തന്നെ നീക്കിയിരുപ്പായിട്ടുണ്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ ഖണ്ഡികയിലെ മുന്നിരിപ്പിന്റെയും, നീക്കിയിരുപ്പിന്റെയും ആകെതുക AFS ലെ യഥാക്രമം RP 40 (a), RP 40 (b) എന്നിവയുമായി പൊരുത്തപ്പെടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 383 | 10,28,01,981 | 262 | 5,68,19,248 | 77 | 44 | 68.40 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2365 | 413286 | 415651 | 412000 | 3651 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15884054 | 15884054 | 15884054 | 0 |
| | 2365 | 16297340 | 16299705 | 16296054 | 3651 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16680 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 4860100 | 388 |
| വിധവാപെൻഷൻ | 14480200 | 1189 |
| വാർദ്ധക്യകാല പെൻഷൻ | 30497800 | 2433 |
| വികലാംഗ പെൻഷൻ | 4573000 | 356 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1253600 | 107 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| വിവാഹ ധനസഹായം | 120000 | 4 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2020 ന് 3.30 പി.എം-ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39,953/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ് എന്നാൽ താഴെപ്പറയുന്ന പോരായ്മകൾ കൂടി പരിഹരിക്കേണ്ടതാണ്.

1. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടത്തേണ്ടതാണ്.
2. ഐ.എസ്. ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ടെങ്കിലും, ഫയലുകൾ ട്രാക്ക് ചെയ്യുന്നതിനും, ആവശ്യമായ ഫയലുകൾ ലഭ്യമാക്കുന്നതിനും കാലതാമസം നേരിടുന്നുണ്ട്. ഫയലുകൾ ശാസ്ത്രീയമായി കാറ്റഗറൈസ് ചെയ്ത് ചിട്ടയോടെ സൂക്ഷിക്കുന്നതിന് സെക്ഷനുകൾക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്.
3. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്.
4. തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ/ ഫയലുകൾ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. ഓരോ അർദ്ധവർഷത്തേയും തൊഴിൽ നികുതി അടച്ചതിന്റെ രസീത് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് പൂർണ്ണമല്ല. ഓരോ സ്ഥാപനത്തിന്റെയും സ്ഥാപന തൊഴിൽ നികുതി പിരിക്കുന്നത് സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. ലൈസൻസ് നല്കിയതുമായി ബന്ധപ്പെട്ട ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി പരിപാലിക്കുന്നില്ല.
5. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
6. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന

പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

7. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയില്ല | | |

.

# 1-11 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി നം. 7/17.01.2020, 16/17.01.2020 എന്നിവ പ്രകാരം തുക അടവാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പേര്/സ്ഥാപനം | ഇനം | അടവാക്കിയ തുക | രസീത് നമ്പർ/ തിയതി |
|---|---|---|---|
| അഡ്‌ലക്സ് | സ്ഥാപന | 2512 | 119030107036/ |

| | | | |
|---|---|---|---|
| ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, കറുകുറ്റി | തൊഴിൽ നികുതി | | 17.01.2020 |
| ശ്രീമതി. നെജി ബാബു, ഞെളിയത്ത്, കരയാംപറമ്പ് | കെട്ടിട നിർമ്മാണ പെർമിറ്റ് -ക്രമവത്കരണ ഫീസ് | 2035 | 119030107052/ 18.01.2020 |
| ആകെ | | 4547 | |

# 1-12 തൊഴിൽ നികുതി ഈടാക്കാത്തത്

(1) 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കത്തത് | അർദ്ധ വർഷം |
|---|---|---|---|
| 1 | കറുകുറ്റി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി., പാലിശ്ശേരി ബ്രാഞ്ച് | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 2 | കറുകുറ്റി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി, കറുകുറ്റി കേബിൾ നഗർ ബ്രാഞ്ച് | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 3 | കരയാംപറമ്പ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി., കറുകുറ്റി ബ്രാഞ്ച് | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 4 | ഗ്രേയ്സ് ഫാമിലി ഹെൽത്ത്കെയർ ക്ലിനിക്ക്, പാലിശ്ശേരി | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |
| 5 | കോളിങ്ങ് ബെൽ ഹോസ്പിറ്റൽ, പാദുവാപുരം പി.ഒ, എടക്കുന്ന് | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |
| 6 | വെൽകെയർ ഡെന്റൽ ക്ലിനിക്ക്, കരയാംപറമ്പ് | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |
| 7 | നീതി മെഡിലാബ്, കറുകുറ്റി | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |
| 8 | ലൈഫ് ലൈൻ ക്ലിനിക്ക് & ലബോറട്ടറി, കരയാംപറമ്പ് | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |

| | | | |
|---|---|---|---|
| 9 | എസ്.എസ് മെഡിക്കൽ ലബോറട്ടറീസ്, കറുകുറ്റി | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |
| 10 | മരിയ ഡെന്റൽ കെയർ, കറുകുറ്റി | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |

(2) 2018-19 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് (ഡി & ഒ ലൈസൻസ്) എടുത്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. പ്രസ്തുത ലൈസൻസ് അപേക്ഷയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം അപേക്ഷകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഡി & ഒ ലൈസൻസ് രജിസ്റ്റർ ക്രമ നം. | സ്ഥാപനത്തിന്റ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1 | സജി വടക്കേക്കര, പ്ലാന്റേഴ്സ് അഗ്രിഗേറ്റ്സ്, പാലിശ്ശേരി | 7 |
| 2 | 2 | സജി വടക്കേക്കര, പ്ലാന്റേഴ്സ് അഗ്രിഗേറ്റ്സ് ക്വാറി, പാലിശ്ശേരി | - |
| 3 | 8 | ബാബു എ.എസ്, പാലാട്ടി റോക് പ്രൊഡക്ട്സ്, പാലിശ്ശേരി | 3 |
| 4 | 10 | കുര്യാച്ചൻ ജോസഫ്, ടാലന്റ് ഇൻഡസ്ട്രീസ്, കറുകുറ്റി | 4 |
| 5 | 15 | അവറാച്ചൻ തച്ചിൽ, ട്രാവൻകൂർ പോളിമേഴ്സ് പ്രൈ. ലി, പന്തക്കൽ, പാദുവാപുരം പി.ഒ | 7 |
| 6 | 17 | ദിവ്യ കെ.സി, മാവേലി അഗ്രോ മിൽസ്, കറുകുറ്റി | 5 |
| 7 | 28 | ഹെൻഡ്രി കുരുവിള, ക്ലാസിക് മോൾഡേഴ്സ്, എടക്കുന്ന് | 8 |
| 8 | 29 | ഷേർളി കുരുവിള, ചീനി പാക്കേജിങ്ങ്, എടക്കുന്ന് | 7 |
| 9 | 33 | കുരുവിള സി.റ്റി, ചീനി കൺടെയ്നേഴ്സ്, പന്തക്കൽ | 8 |
| 10 | 34 | ജെറി കുരുവിള, ചാംമ്പ്യൻ പോളിമേഴ്സ്, പാദുവാപുരം പി.ഒ | - |
| 11 | 50 | ജോസഫ് ടി.പി, പൈനിയർ പേപ്പർ പ്രോഡക്ട്സ്, കറുകുറ്റി | 8 |

| | | | |
|---|---|---|---|
| 12 | 62 | മേരി കുരുവിള, ആൽഫ പോളിമേഴ്സ്, എടക്കുന്ന് | 8 |
| 13 | 133 | സുനിത ഫ്രാൻസിസ്, ലാബ്ടെക് മെഡികോ പ്രൈ. ലി., കറുകുറ്റി | 20 |
| 14 | 134 | ജൂബി ജോർജ്ജ്, സർജിടെക് ഇൻസ്ട്രുമെന്റ്സ് & സിസ്റ്റംസ്, കറുകുറ്റി | 5 |
| 15 | 136 | അനിൽ തോമസ്, സാൻജോ മോട്ടോഴ്സ്, കറുകുറ്റി | 13 |
| 16 | 150 | ജിൻസി ബിജോയ്, എൈഡിയൽ ട്രേഡിംഗ് കമ്പനി, എടക്കുന്ന് | 5 |
| 17 | 177 | ജോളി ജേക്കബ്, മഞ്ഞളി ഇൻഡസ്ട്രീസ്, എടക്കുന്ന് | 4 |
| 18 | 184 | ജോളി ലോനപ്പൻ, ജോളി ഇൻഡസ്ട്രീസ്, കറുകുറ്റി | 10 |
| 19 | 230 | കെ.പി ജോർജ്ജ്, ഡെക്സ് സോൺ ഇൻഡസ്ട്രീസ്, കരയാംപറമ്പ് | 7 |
| 20 | 253 | ടെനി ജോസ്, സ്റ്റീൽ ഹൗസ് പ്രൈ ലി., കറുകുറ്റി | 2 |
| 21 | 283 | ഷിബു പി ജോൺ, പൈനാടത്ത് ഗ്രാനൈറ്റ്സ് പ്രൈ ലി., കറുകുറ്റി | 2 |
| 22 | 287 | ജോജി സി.ഡി, അഭിലാഷ് മീറ്റ് പ്രോഡക്ട്സ്, എടക്കുന്ന് | - |
| 23 | 288 | ജോജി സി.ഡി, അഭിലാഷ് ഹാച്ചറീസ്, എടക്കുന്ന് | - |
| 24 | 293 | സാബു വർഗ്ഗീസ്, സ്പ്രിംഗ് ഫീൽഡ് വില്ല & അപ്പാർട്ട്മെന്റ്സ് പ്രൈ ലി., കരയാംപറമ്പ് | 3 |
| 25 | 348 | പ്രവീൺ പി.വി, എലഗന്റ് ഇവന്റ് മാനേജ്മെന്റ് ഓഫീസ്, കരയാംപറമ്പ് | 5 |
| 26 | 417 | ബാബു പൗലോസ്, ജനത കോർപ്പറേഷൻ, കറുകുറ്റി | 4 |
| 27 | 422 | ജാസ്മിൻ വി.എൽ, ജെ.എഫ്.എസ് ഇൻടെകസ്റ്റ് പ്രൈ ലി., കറുകുറ്റി | 2 |
| 28 | 434 | ജോസഫ് സി.സി, ജെ.ബി | - |

| | | ക്വാറി, മുന്നൂർപ്പിള്ളി | |
|---|---|---|---|

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 17.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.7 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കാത്തത്

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 24.02.2015 ലെ സ.ഉ (അ) 36/2015/ തസ്വഭവ നമ്പർ ഉത്തരവ് (എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം) പ്രകാരം താഴെപ്പറയുന്ന വിവിധ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിലേക്കായി, ഉപയോഗ ക്രമത്തിനനുസരിച്ച്, ഒരു ച.മീ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കുന്നതിനായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(എ) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ.

(ബി) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യത്തിന് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, ക്യാന്റീൻ.

(സി) മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്റ്റ് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ.

(ഡി) ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ.

എന്നാൽ ഈ ഉത്തരവ് പ്രകാരം മുകളിൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല, ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 17.01.2020ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 വസ്തുനികുതി നിർണ്ണയം -ഫയലുകൾ ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് 2018-19 വർഷത്തിൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചതിന്റെ താഴെപ്പറയുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നമ്പരും കെട്ടിട നമ്പരും | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 7/265 A മുതൽ E വരെ | സന്തോഷ്, കല്ലുപുരയ്ക്കൽ ഹൗസ്, ഏഴാറ്റുമുഖം പി. ഒ |
| 2 | 8/418C | ജിമ്മി, അഴകന്നാകുന്നേൽ, മുന്നൂർപ്പിള്ളി, ഏഴാറ്റുമുഖം പി. ഒ. |
| 3 | 10/311A | അന്തോണി, പുത്തേൻ, മൂന്നാംപറമ്പ് |
| 4 | 16/512 A മുതൽ F വരെ | വർക്കി, പള്ളിപ്പാടൻ, കരയാംപറമ്പ് |
| 5 | 16/305 Bമുതൽ Eവരെ | മാർട്ടിൻ, മാളിയേക്കൽ, കരയാംപറമ്പ് |
| 6 | 3/274 Aമുതൽ Lവരെ | ദേവസിക്കുട്ടി, വാഴക്കാല, കറുകുറ്റി പി ഒ |
| 7 | 4/222B | ജോസ്, പൈനാടത്ത്,പന്തയ്ക്കൽ |
| 8 | 4/480A | വികാരി, മദർ തേരേസ ചർച്ച്, പന്തയ്ക്കൽ, പാദുവപുരം പി ഒ |
| 9 | 9/96A | ബിജു തോമസ്, കരുമത്തി, എടക്കുന്ന് |
| 10 | 9/74 Gമുതൽ Iവരെ | ടിങ്കിൾ, കല്ല്ലറച്ച്ചുള്ളി,എടക്കുന്ന് |
| 11 | 9/428 Aമുതൽ Cവരെ | ഡിനിൽ പോൾ, കല്ലറച്ചുള്ളി,എടക്കുന്ന് |
| 12 | 9/342 B | ഫാ. ആന്റണി, മാനേജർ നൈപുണ്യ പുബ്ലിക്സ്കൂൾ, എടക്കുന്ന് |
| 13 | 13/571 F | ഫാ. സാജു കോരൻ കുഞ്ഞു വറീത്, മാർ ലൂയീസ് ബുക്ക് സെന്റർ ട്രസ്റ്റ്, ബ്രോഡ് വേ എറണാകുളം |
| 14 | 2/59 H മുതൽ J വരെ | ബൈജു തളിത്ത്, തെക്കൻ വാഴക്കാല,കറുകുറ്റി |
| 15 | 2/64 A മുതൽ C വരെ | ഡേവീസ്, വേഴപ്പറമ്പൻ, കേബിൾനഗർ |

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെ ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 20.01.2020 ൽ ഓഡിറ്റ് എൻക്വയറി നം.17 നൽകിയെങ്കിലും പ്രസ്തുത ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള പഞ്ചായത്തിൽ നിന്നും ഫയലുകൾ കൃത്യമായി കണ്ടെത്തി ലഭ്യമാക്കാൻ കഴിയാതിരുന്നത് ഫയലുകൾ സൂക്ഷിക്കുന്നതിലെ പ്രധാന അപാകതയാണ്. പ്രസ്തുത ഫയലുകൾ ഓഡിറ്റ് ഹാജരാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 തെരുവ് വിളക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച്

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി 3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററീംങ്ങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്ക്നിക്കൽ സഹായം കെ.എസ്.ഇ.ബി നല്കുന്നതാണെന്നും ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്നും നിർദ്ദേശിക്കുന്നു. നഗരസഭയിലെ തെരുവ് വിളക്കുകൾ മീറ്ററിംങ്ങ് സമ്പ്രദായത്തിലേക്ക് പൂർണ്ണമായും മാറ്റുന്നതിന് ആവശ്യമായ തുക പ്രോജക്ടിൽ ഉൾപ്പെടുത്തി മുൻ സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.ക്ക് പഞ്ചായത്തിൽ നിന്ന് തുക നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിച്ച് മീറ്ററീംങ്ങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

2) തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി ഒരു നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നോഡൽ ഓഫീസർ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ നിർദ്ദേശ പ്രകാരം ഒരു നോഡൽ ഓഫീസറെ നിശ്ചയിക്കേണ്ടതും, തെരുവ് വിളക്ക് സംബന്ധിച്ച് ഒരു രജിസ്റ്റർ അടിയന്തരമായി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

3) 2018-19 സാമ്പത്തിക വർഷം തെരുവ് വിളക്കിന്റെ വൈദ്യുതിച്ചാർജിനത്തിൽ പഞ്ചായത്തിൽ നിന്നും 20,11,356 /-രൂപ നല്കിയിട്ടുണ്ട്. എന്നാൽ 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം (കൈ) 22/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖയിലെ 7.9.2 ൽ നഗരസഭയിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി ലൈറ്റുകൾ ആക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്. തനത് സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ട് വെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ടിട്ടുള്ള രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന തെരുവ് വിളക്കുകളിൽ എൽ.ഇ.ഡി

ലൈറ്റുകൾ സ്ഥാപിക്കുന്ന തരത്തിൽ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 1-16 കുടിവെള്ള പദ്ധതികൾ സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിക്കുന്നു

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ ഇരുപത്തഞ്ചോളം കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് ജോലികൾ സംബന്ധിച്ച ചെലവുകൾ വർഷങ്ങളായി പഞ്ചായത്തിൽ നിന്നുമാണ് വഹിച്ചുപോരുന്നത്. ജലസേചന പദ്ധതികളുടെയും, കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം പൂർത്തിയായശേഷം തുടർ നടത്തിപ്പും, അറ്റകുറ്റപ്പണികളും കർഷക ഗ്രൂപ്പുകളും ഗുണഭോക്തൃസമിതികളും ഏറ്റെടുക്കേണ്ടതാണെന്ന് 06.06.2002-ലെ ജി.ഒ.(എം.എസ്)20/2002/ ആസൂത്രണം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജിനത്തിൽ 2,95,482/-രൂപ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എ൦ -12(ബി) പ്രകാരം നല്കിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി 20.07.2017ലെ പഞ്ചായത്ത് കമ്മറ്റിയുടെ 38ാം തീരുമാന പ്രകാരം പഞ്ചായത്ത് തന്നെ കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് അടവാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ആയതിനാൽ ഈ കുടിവെള്ള പദ്ധതികൾ SC വിഭാഗത്തിനുവേണ്ടിയുള്ളതാണോ എന്നാവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

# 1-17 പാണ്ടൻ ചിറ ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ പമ്പ് സ്ഥാപിക്കൽ- നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പാണ്ടൻ ചിറ ലിഫ്റ്റ് ഇറിഗേഷൻ - മോട്ടോർ പമ്പ് സ്ഥാപിക്കൽ |
| പ്രൊ.നമ്പർ | എസ് 229/18 (എസ് 023/19) |
| എഗ്രിമെന്റ് നമ്പർ | 07/2018-19 തീയതി. 27.05.2018 |
| അടങ്കൽ തുക | 6,60,000/-(വികസന ഫണ്ട് -ജനറൽ) |
| ആകെ ചെലവ് | 5,74,685/-<br>(ട്രഷറി ബിൽ നം. 49/18-19 തീയതി. 26/03/2019) |

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 2017-18 വാർഷികപദ്ധതിയിൽ പാണ്ടൻ ചിറ ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ പമ്പ് സ്ഥാപിക്കൽ - എന്ന പ്രൊജക്ടിന് 3,00,000/- രൂപ വികസന ഫണ്ടിൽ നിന്ന് വകയിരുത്തി 05/08/2017ൽ അംഗീകാരം വാങ്ങിയിരുന്നു. 2,45,000/- രൂപയുടെ സാങ്കേതികാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 02/08/2017ൽ ഈ പ്രവൃത്തിക്ക് ടെൻഡർ ക്ഷണിച്ചു.

പിന്നീട് 09/03/2018ൽ ഇതേ പ്രവൃത്തിക്ക് 6,60,000/- രൂപയുടെ അടങ്കൽ തുകയ്ക്ക് ഇ-ടെൻഡർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജോസ് പി.സി എസ്റ്റിമേറ്റ് നിരക്കിന്റെ 0.02% ശരാശരി കുറവിലും, ഗാലക്സി ഇലക്ട്രിക്കൽ കൺസൾട്ടൻസി എന്നസ്ഥാപനം 2% കുറവിലും, ശ്രീ.ഫ്രാൻസിസ് എന്നയാൾ 4% അധികനിരക്കിലും ടെൻഡർ ചെയ്തിരുന്നു. ഇതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഗാലക്സി ഇലക്ട്രിക്കൽ കൺസൾട്ടൻസി എന്ന സ്ഥാപനത്തിന് അംഗീകൃത സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ, രണ്ടാമത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.ജോസ് പി.സി -ക്കാണ് കരാർ ഉറപ്പിച്ച് കൊടുത്തത്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജോസ് 28.2.2019ൽ ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. എം.ബുക്ക് നമ്പർ 07/18-19 പ്രകാരം പ്രവൃത്തി ആരംഭിച്ചത് 01.09.2018ലും, പൂർത്തീകരിച്ചത് 28.02.2019ലുമാണ്. ഫൈനൽ ബിൽ പ്രകാരം താഴെപ്പറയുന്നപ്രകാരം കരാറുകാരന് ഫൈനൽ പേമെന്റ് നല്കിയിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 548260 |
| കൂട്ടുക: 1)എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ ചാർജ്ജ് | 19007 |
| 2) ചെക്ക് മെഷർമെന്റ് ചാർജ്ജ് | 7418 |
| **ആകെ** | **574685** |
| കരാർ തുക | 526548 |
| കുറയ്ക്കുക: 1)ആദായ നികുതി | 5483 |
| 2) ക്ഷേമനിധി വിഹിതം | 5483 |
| 3) SGST | 5373 |
| 4) CGST | 5373 |
| 5) എസ്റ്റിമേറ്റ് തയ്യാറാക്കൽ | 19007 |
| 6) ചെക്ക് മെഷർമെന്റ് | 7418 |
| കരാറുകാരന് നല്കിയത് | 526548 |

ഈ പ്രവൃത്തി സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബോദ്ധ്യമാകാത്ത താഴെപ്പറയുന്ന അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് റിപ്പോർട്ട് നൽകേണ്ടതാണ്.

1. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ച 2,45,000/- രൂപയ്ക്കാണ് 02/08/2017ൽ ആദ്യം ടെൻഡർ ചെയ്തത്. പിന്നീട് 09/03/2018 ൽ 6,60,000/-രൂപയ്ക്കാണ് ടെൻഡർ

ചെയ്ത് ശ്രീ.പി.സി.ജോസ് കരാർ ഏറ്റെടുത്തത്. എന്നാൽ 6,60,000/- രൂപയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കേണ്ടതാണ്.

2. എസ്റ്റിമേറ്റ് പ്രകാരം ഇനം നം. 51, " Supply & Errection of Oil immerced Star Delta Starter....." എന്ന പ്രവൃത്തിയിനത്തിൽ ഒരു സ്റ്റാർട്ടർ സ്ഥാപിക്കാനാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അളവ് പുസ്തകത്തിലെ പേജ് നം. 39 -ൽ 2 സ്റ്റാർട്ടർ സ്ഥാപിച്ചതിന് 25,630/-രൂപ പ്രകാരം 51,260/-രൂപ നല്കിയതായി കാണുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റോ, ഐറ്റം അധികമായി ചെയ്തതിന് എൻജിനീയറുടെ സർട്ടിഫിക്കറ്റോ ലഭ്യമാക്കിയിട്ടില്ല. മോട്ടോർ വാങ്ങിയതിന്റെ ബില്ലും ഫയലിൽ ഇല്ല. ഓഡിറ്റ് വേളയിൽ പാണ്ടൻചിറ ചിറയിൽ മോട്ടോർ സ്ഥാപിച്ച സൈറ്റിൽ നടത്തിയ പരിശോധനയിൽ രണ്ട് സ്റ്റാർട്ടറുകളും സ്ഥാപിച്ചതായി കണ്ടെങ്കിലും, എസ്ററിമേറ്റിൽ നിന്ന് അധികമായി സ്റ്റാർട്ടർ സ്ഥാപിച്ചതിന്റെ ആവശ്യകത സാക്ഷ്യപ്പെടുത്തി ക്ഷമതയുള്ള എൻജിനീയറുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

3. എസ്റ്റിമേറ്റ് എടുത്തതും, ബിൽ തയ്യാറാക്കിയതും, ചെക്ക് മെഷർമെന്റ് എടുത്തതും ജില്ലാ പഞ്ചായത്ത് അംഗീകരിച്ച പാനൽ ഓഫ് എൻജിനീയേഴ്സിൽ പെട്ട, സേവനത്തിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ എൻജിനീയർമാരാണെങ്കിലും ഈ പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണം ഉറപ്പുവരുത്തിക്കൊണ്ടുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

# 1-18 വനിതാ കാന്റീൻ പ്രവർത്തനക്ഷമമാക്കണം

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ പ്രവൃത്തനമാരംഭിക്കാൻ ഉദ്ദേശിച്ച് പണികഴിപ്പിച്ച വനിത കാന്റീന് വേണ്ടി 2018-19 സാമ്പത്തികവർഷത്തിൽ 2 പ്രൊജക്ടുകളിലായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര്/ പ്രൊ.നമ്പർ/ അടങ്കൽ തുക | കരാറുകാരൻ | ആകെ ചെലവ് | ട്രഷറി ബിൽ നം |
|---|---|---|---|
| വനിത കുടുംബശ്രീ കാന്റീൻ ഇലക്ട്രിഫിക്കേഷൻ എസ് 226/19 2,00,000/- | ഗ്രീഷ്മ അസ്സോസിയേറ്റ്സ് പിറവം | 1,61,939/- | 34/18-19 തീയതി. 11/03/2019 |
| വനിതാ കാന്റീനിലേക്ക് ഫർണീച്ചർ വാങ്ങൽ എസ് 303/19 1,00,000/- | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ഓഫ് ട്രാവൻകൂർ (ലി) ആലുവ | 99,472/- | 50/18-19 തീയതി. 27/03/2019 |

| | ആകെ | 2,61,411/- | |
|---|---|---|---|

കാന്റീൻ സൗകര്യത്തോടെ പണിത ഈ കെട്ടിടത്തിലേക്ക് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ഓഫ് ട്രാവൻകൂർ (ലി)-ൽ നിന്ന് ഡൈനിംഗ് ടേബിൾ, അലമാര, കാഷ് ടേബിൾ, കസേരകൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ എല്ലാം തന്നെ ഒരുക്കിയിട്ടും, ഇതുവരെ കാന്റീൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ആയത് പ്രവർത്തനക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 കെട്ടിട നിർമ്മാണ പെർമിറ്റ്-ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീ.ഏലിയാസ് & ശ്രീമതി. അമ്മിണി, പൈനാടത്ത്, കരയാംപറമ്പ് എന്ന വ്യക്തിയുടെ ആകെ 125.45 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തി 16/7A, 7B, 7C, 7D എന്നീ പുതിയ നമ്പരുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം അദ്ധ്യായം 2 പ്രകാരമുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെയാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കാറ്റഗറി II പഞ്ചായത്ത് ഗണത്തിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് നിലവിലെ പെർമിറ്റ് ഫീസ് 5 രൂപയാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രസ്തുത കെട്ടിടം പൂർണ്ണമായും ക്രമവത്കരിക്കുന്ന സാഹചര്യത്തിൽ രാജിയാക്കൽ ഫീസും (പെർമിറ്റ് ഫീസിന്റെ ഇരട്ടി), പെർമിറ്റ് ഫീസും ഈടാക്കണമെന്ന് തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി2/15/തസ്വഭവ നമ്പർ കത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ടി വ്യക്തി 12.07.2018 ൽ കെട്ടിടം ക്രമവത്കരിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ പ്രകാരം ക്രമവത്കരണ ഫീസിനത്തിൽ 1882/- രൂപയാണ് (125.45 ച.മീ x 15) ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഫീസ് ഇനത്തിൽ 1255/-രൂപയാണ് (രസീത് നം.118036102715 തീയതി 18.09.2018) ഈടാക്കിയിട്ടുള്ളത്. ക്രമവത്ക്കരണ ഫീസിനത്തിൽ കുറവ് വന്ന 627/-രൂപ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

